
# ഓർമ്മ
# ഷെൽവി
# മൾബെറി

മൾബെറി



**ORMMA**
**SHELVI**
**MULBERRY**
Malayalam

Published by:
SAKSHI BOOKS
Chenakkalangadi P.O, Thenhippalam - 673636
Malappuram Dt., Ph: 7559846030
Whatsapp: 9037270101

First Edition: 2023 DECEMBER

Editor : K. Surendran
Cover Design: Mansoor Cheruppa
Layout : Dot in world@Kottakkal

ISBN Number : 978-93-6039-142-3

Price : ₹ 220/-

# ഷെൽവി: പരാജയവും പ്രലോഭനവും

അനിൽ ചേലേമ്പ്ര

വായന ആധുനികമായ വ്യവഹാരങ്ങളിലൊന്നാണ്. പാണ്ഡിത്യത്തിനും അനുഷ്ഠാനത്തിനും വേണ്ടി നിർവ്വഹിക്കപ്പെട്ട വായനകളായിരുന്നു ആധുനിക പൂർവ്വ സമൂഹങ്ങളിലുണ്ടായിരുന്നത്. ആധുനിക പൂർവ്വ സമൂഹത്തിൽ വായന നിഗൂഢമായ ഒരു പ്രവൃത്തിയായിരുന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആദർശങ്ങൾ അംഗീകരിച്ചു കഴിഞ്ഞ ആധുനിക സമൂഹത്തിൽ അക്ഷരവും അറിവും പൊതുവിഭവമായിത്തീരുകയും വായന വിപ്ലവകരമായ ഒരു പ്രവൃത്തിയായിത്തീരുകയും ചെയ്തു. ഇത്തരമൊരു മാറ്റമുണ്ടാക്കുന്നതിൽ അച്ചടി വഹിച്ച പങ്ക് വളരെ വലുതാണ്. ആധുനിക പൂർവ്വഘട്ടത്തിൽ എഴുതപ്പെട്ട പാഠങ്ങൾപോലും അച്ചടിയിലേക്ക് പ്രവേശിച്ചതോടെ പുതിയ വായനകൾക്ക് വിധേയമായി.

അച്ചടി കേവലമായ ഒരു സാങ്കേതിക വിപ്ലവമായിരുന്നില്ല. അത് ലോകരാഷ്ട്രീയത്തെയും ചിന്തയെയും ആവിഷ്ക്കാരത്തെയും വ്യക്തിയുടെ രൂപീകരണത്തെയും അടിമുടി മാറ്റിത്തീർത്തു. പഥേർ പാഞ്ചാലിയിലെ 'അപു' വായനയിലൂടെ രൂപപ്പെട്ടുവരുന്ന കഥാപാത്രമാണ്. തനിക്ക് വായിക്കാനറിയാത്തതും പരസ്പരബന്ധമില്ലാത്തതുമായ ഏതാനും പുസ്തകങ്ങളുടെ ഒരു ശേഖരം കുട്ടിക്കാലത്തുതന്നെ 'അപു' സ്വന്തമാക്കുന്നുണ്ട്. അച്ഛനെയും കാമുകിയെയും അവൻ മനസ്സിലാക്കുന്നത് പുസ്തകങ്ങളിലൂടെയാണ്. അച്ഛന്റെ കൈവശമുണ്ടായിരുന്ന ചില പുസ്തകങ്ങളുടെ മണം മരണശേഷവും അച്ഛന്റെ സാന്നിധ്യം അറിയിക്കുന്നു. 'പുസ്തകശേഖര'ങ്ങളുടെ വൈജാത്യം അ

പുവിന്റെ 'വായനക്കാരനായ ആത്മ' (reading self)ത്തെ രൂപപ്പെടുത്തുന്നത് കാണാം. വായനക്കാരനോ വായനക്കാരിയോ ആ കഥാപാത്രം സ്വയം തിരിച്ചറിയുന്നത് വ്യത്യസ്തമായാണ്. നിരവധി അപരജീവിതങ്ങളിലൂടെയാണ് അയാൾ കടന്നുപോകുന്നത്. ആ ജീവിതങ്ങളിലെല്ലാം അയാൾ താൽക്കാലികമായെങ്കിലും പാർപ്പുറപ്പിക്കുന്നു. ഈ ഭാവനായാത്രയിലും അയാളുടെ 'ആത്മ'ത്തെ വലിയ തോതിൽ സ്വാധീനിക്കുന്നു. ഓരോ സന്ദർഭത്തിലും അയാൾ തന്റെ തന്നെ പരിമിതികളെ 'അതിവർത്തിച്ച്' പുതുജീവിതത്തിലേക്ക് പ്രവേശിക്കുന്നു. ഈ 'അതിവർത്തനശേഷി' വായനാമനുഷ്യന്റെ സവിശേഷതയാണ്. അച്ചടിയും ആധുനികതയുമാണ് അത് സാധ്യമാക്കിയത്.

അച്ചടിയും അത് സൃഷ്ടിച്ച വായനാമനുഷ്യനും സമൂഹത്തിലുണ്ടാക്കിയ മാറ്റം ചെറുതായിരുന്നില്ല. അച്ചടിയും ബൈബിളിന്റെ വിവർത്തനങ്ങളും ക്രിസ്ത്യൻ സഭയിലെ പിളർപ്പിന് കാരണമായി. പൗരോഹിത്യത്തിന്റെ യാഥാസ്ഥിതികത്വത്തിൽനിന്ന് ബൈബിൾ വിമോചിക്കപ്പെട്ടു. മനുഷ്യരിൽ പ്രത്യേകിച്ച് അടിമകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മിഷണറി പ്രവർത്തനത്തിന് ഇത് തുടക്കമിട്ടു. ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ ബൈബിളിന്റെ വ്യാപനമുണ്ടാക്കിയ ഉണർവ് ചെറുതായിരുന്നില്ല. ജാതീയമായ അടിമത്തം അനുഭവിച്ചിരുന്ന ബഹുസഹസ്രം മനുഷ്യരിൽ 'ആത്മ' ബോധമുണ്ടാക്കിയത് അച്ചടിക്കപ്പെട്ട ബൈബിളാണ്. 'ഘാതകവധം' എന്ന നോവലിൽ അടിമയായ പൗലോസ് 'ഞങ്ങൾ മനുഷ്യരാണേ, ഞങ്ങൾക്കാത്മാവുണ്ടേ' എന്ന് വിലപിച്ചതോർക്കുക. പള്ളിയിൽനിന്ന് കേട്ട 'ബൈബിൾ പാഠ'ങ്ങളാണ് അടിമജീവിതം നയിച്ചിരുന്ന അയാളിൽ 'ആത്മ'ബോധമുണ്ടാക്കിയത്. 'ഇന്ദുലേഖ'യിലും 'ശാരദ'യിലും 'സരസ്വതീവിജയ'ത്തിലുമൊക്കെ വായനാമനുഷ്യരെ കാണാം.

പകർപ്പെഴുത്തിൽനിന്ന് അച്ചടിയിലേക്ക് വന്നതോടെ ധനികരുടെയും അഭിജാതരുടെയും പുരസ്കരണത്തിൽനിന്ന് 'എഴുത്ത്' വിമോചിക്കപ്പെട്ടു. ഗ്രന്ഥകർത്താവ്, വായനക്കാരൻ/വായനക്കാരി, പ്രസാധകൻ/പ്രസാധക എന്നിങ്ങനെ സ്വതന്ത്രമായ കർതൃപദവികളിൽനിന്നാണ് പിൽക്കാലത്ത് സാമൂഹ്യപരിഷ്കർത്താക്കളും രാഷ്ട്രീയ നേതാക്കളും ഉയർന്നുവന്നത്. "ദക്ഷിണാഫ്രിക്കയിൽ ഇരുപത്തൊന്നുകൊല്ലം വിവിധ പ്രവർത്തനങ്ങളിൽ വ്യാപൃതനായ ഗാന്ധിജി, 1893 മുതൽ 1914 വരെ പ്രിന്റിംഗ് പ്രസ് നടത്തുക മാത്രമല്ല 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന ആനുകാലികം നാല് ഭാഷകളിൽ (ഇംഗ്ലീഷ്, ഗുജറാത്തി, തമിഴ്, ഹിന്ദി) ഇറക്കുകയും ചെയ്തു. ഇസബെൽ ഹോഫ് മെയർ എഴുതിയ *Gandhiji's Printing Press*എന്ന കൃതിയിൽ തന്റെ രാഷ്ട്രീയ ദർശനത്തിന് സമാന്തരമായി വായനയെപ്പറ്റി പുതിയൊരു വീക്ഷണവും ഗാന്ധിജി രൂപപ്പെടുത്തി എന്ന് വാദിക്കുന്നു. പ്രസാധകൻ, എഡിറ്റർ, രാഷ്ട്രീയനേതാവ്, നിയമജ്ഞൻ എന്നിങ്ങനെ പൊതുകാര്യങ്ങളിൽ ഇടപെട്ട ഗാന്ധിജിക്ക് 'എംപയർ' എന്ന ഭീമാകാരമായ വാർത്താവിനിമയ വ്യവസ്ഥ ലോകമെമ്പാടും തങ്ങളുടെ സാന്നിധ്യമറിയിക്കുന്നത് വിവരശൃംഖലയുടെ അനന്തശേഷിയിലൂടെയാണെന്ന് മനസ്സിലായിരുന്നു. സാമ്രാജ്യത്വത്തിന്റെ പ്രത്യയശാസ്ത്രത്തെ അപഗ്രഥിക്കുന്ന 'ഹിന്ദ് സ്വരാജ്' എന്ന പുസ്തകം എഡിറ്ററും വായനക്കാരനും തമ്മിലുള്ള സംവാദമാണ്. ഇസബെൽ ഹോഫ്മെയർ പറയുന്നത് സാമ്രാജ്യത്വത്തിന്റെ ഉപകരണയുക്തിയെ പ്രതിരോധിക്കുന്ന പുതിയൊരു അച്ചടി/വായനാസംസ്കാരത്തിലൂടെ പരിശീലിപ്പിക്കപ്പെട്ട, അധികാരത്തിന്റെ ഇരകളായ ആഫ്രിക്കയിലെ ഇന്ത്യൻ വംശജരെ സംഘടിപ്പിക്കാനാണ് ഗാന്ധിജി യത്നിച്ചത് എന്നാണ്." (രാമകൃഷ്ണൻ, 2023 : 13)

വായനയും അച്ചടിയും സൃഷ്ടിച്ച മനുഷ്യരാണ് പുതിയ രാഷ്ട്രീയകർതൃത്വങ്ങളായി മാറിയത് എന്നതിന്റെ ദൃഷ്ടാന്തമാണ് ഗാന്ധിജിയുടെ കഥ. മലയാളത്തിലും നവോത്ഥാന പ്രസ്ഥാനങ്ങളും അതിന് നേതൃത്വം നൽകിയിരുന്നവരും പത്രങ്ങളും ആനുകാലികങ്ങളും നടത്തിയിരുന്നല്ലോ. 'സഹോദരൻ', 'അരയൻ', 'വിവേകോദയം' എന്നിങ്ങനെ അനേകം ആനുകാലികങ്ങളാണ് പുതിയ വായനാമനുഷ്യരെയും അതുവഴി പുതിയ രാഷ്ട്രീയ കർതൃത്വങ്ങളെയും സൃഷ്ടിച്ചത്. മിഷണറിമാർ തയ്യാറാക്കിയ ട്രാക്ടുകൾ ദളിത്-കീഴാള ജനങ്ങൾക്കിടയിൽ പുതിയ ഉണർവുണ്ടാക്കിയതെങ്ങിനെയെന്ന് വിനിൽപോൾ നിരീക്ഷിക്കുന്നുണ്ട് (2021 : 493–502). ക്രിസ്തുമത ആശയങ്ങൾ, ആധുനിക വൈദ്യത്തെക്കുറിച്ചുള്ള അറിവുകൾ, അടിമകളെ ബാധിക്കുന്ന സർക്കാർ ഉത്തരവുകൾ എന്നിവയെല്ലാം മിഷണറിമാർ ലഘുലേഖകളായി പ്രസിദ്ധീകരിച്ചിരുന്നു. അവയെയാണ് ട്രാക്ടുകൾ എന്ന് വിശേഷിപ്പിക്കുന്നത്. അവ മിക്കവാറും വീടുകളിൽ എത്തിച്ചേർന്നു. ഇവയാണ് കേരളത്തിലെ കീഴാളജീവിതത്തെ അച്ചടിക്കപ്പെട്ട അക്ഷരങ്ങളുമായി ബന്ധിപ്പിച്ചത്. കീഴാളർക്കിടയിൽ വായനാ സംസ്കാരം വളർത്തിയെടുക്കുന്നതിൽ അവ പ്രധാന പങ്ക് വഹിച്ചു.

അച്ചടിയുടെ വിപ്ലവകരമായ ഈ സാധ്യത നിലനിൽക്കുമ്പോൾതന്നെ, അതൊരു വ്യവസായ സംരംഭമായി മാറിയ കാര്യം വിസ്മരിക്കാനാവില്ല. ബൗദ്ധിക സ്വത്തവകാശവും പകർപ്പ് നിയമങ്ങളും പുസ്തകത്തെ ഒരു സ്വകാര്യസ്വത്താക്കി മാറ്റി. സ്വകാര്യ മൂലധനത്തിന്റെ യുക്തി പുസ്തകപ്രസാധനത്തെ ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസായമായി മനസ്സിലാക്കി.

കേസരി കുഞ്ഞിരാമൻ നായനാർ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എന്നിവരെ ഗ്രന്ഥകാരന്മാരാക്കി മാളിയമ്മക്കാവ് കുഞ്ഞുവറീത് ആരംഭിച്ച 'ഭാരതവിലാസ്'മാണ് (1904) മലയാളത്തിലെ ആദ്യത്തെ സംഘടിത പ്രസാധക സംരംഭം. ''പ്രകാശന വ്യാപാരത്തിലെ പങ്കാളിയായി ഗ്രന്ഥകാരനെ കാണുകയും അയാളുടെ സഹായവും സൗഹൃദവും പിന്തുണയും വ്യാപാര വിജയത്തിന് ആവശ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്ത വ്യക്തിയാണ് കുഞ്ഞുവറീത്'' (ഗോവി, 2021 : 504). ഭാരതവിലാസം പ്രസ്സ് ആരംഭിക്കുന്നതിനും ഒരു വർഷം മുമ്പ് 1903 ൽ കുളങ്കുന്നത്ത് രാമൻ മേനോൻ തിരുവനന്തപുരത്ത് ഭാഷാദിവർധിനി എന്ന ഒരു ബുക്ക് ഡിപ്പോ തുടങ്ങുകയുണ്ടായി. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ്മ, സി.വി. രാമൻപിള്ള എന്നിവരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന ചുമതല അദ്ദേഹം ഏറ്റെടുത്തു. അവയിൽ മിക്കതും അക്കാലത്തെ പാഠപുസ്തകങ്ങളായിരുന്നു. അതിനാൽ രാമൻ മേനോന്റെ വ്യാപാരം അഭിവൃദ്ധിപ്പെട്ടു. ഉള്ളൂരും ആശാനും എൽ.എ. രവിവർമ്മയും മറ്റും അദ്ദേഹത്തിന്റെ ഗ്രന്ഥകർത്താക്കളായിരുന്നു. ചങ്ങമ്പുഴ, ഇടപ്പള്ളി, എൻ.പി. ചെല്ലപ്പൻ നായർ എന്നിവരുടെ കൃതികളും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നുവത്രേ. ബി.പി. ബുക്ക് ഡിപ്പോ എന്ന പേരിലാണ് അതറിയപ്പെട്ടിരുന്നത്. മലയാള പുസ്തക പ്രസാധന രംഗത്ത് പ്രാതഃസ്മരണീയനായ മറ്റൊരാൾ എസ്.ടി. റെഡ്യാരാണ്. തിരുനെൽവേലിയിൽനിന്ന് കേവലം 12 വയസ്സായ ഒരു ബാലൻ കാൽനടയായും കാളവണ്ടിയിലും യാത്രചെയ്ത് ആദ്യം തിരുവനന്തപുരത്തും, ചില കൊല്ലങ്ങൾക്ക് ശേഷം താൽക്കാലീന വാണിജ്യകേന്ദ്രങ്ങളിലൊന്നായ കൊല്ലത്തും പാർത്ത്, പുത്തൻ ഉൽപ്പന്നമായ മലയാള പുസ്തകത്തിന്റെ വിൽപന നിത്യവൃത്തിക്കായി തെരഞ്ഞെടുത്തു. കമ്മീഷൻ വ്യവസ്ഥയിൽ വിപണിയിലുള്ള പുസ്തകങ്ങൾ - ഇവയുടെ സംഖ്യ അതിപരിമിതമായിരുന്നു - വാങ്ങി സ്വയം ചുമന്ന് വിറ്റാണ് റെഡ്യാർ പുസ്തകവ്യാപാരം തുടങ്ങിയത്. പിന്നീടദ്ദേഹം കൊല്ലത്ത് 'വിദ്യാദിവർധിനി' എന്ന പേരിൽ ഒരു പ്രസ്സ് സ്ഥാപിച്ചു. കുഞ്ചൻനമ്പ്യാരുടെ കൃതികൾ ആദ്യമായി അച്ചടിച്ച് പ്രകാശിപ്പിച്ചത് എസ്.ടി. റെഡ്യാറാണ്. 'സൂപ്പർസെയിൽസ്മാൻ' എന്നാണ് റെഡ്യാർ അറിയപ്പെട്ടിരുന്നത്. റെഡ്യാർക്ക് ശേഷം ഈ പദവിയിലേക്ക് വരുന്നത് ഡി.സി. കിഴക്കേമുറിയാണ്. 'പുസ്തകച്ചന്ത' എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത് ഡി.സി.യാണ്. തവണ വ്യവസ്ഥ, പ്രീ-പബ്ലിക്കേഷൻ, ബുക്ക് ക്ലബ്, ഹോം ലൈബ്രറി എന്നിങ്ങനെ പല പദ്ധതികളിലൂടെ പുസ്തകം വിൽക്കാൻ കഴിയുന്ന ഒരു ചരക്കാണെന്ന് മലയാളിയെ ബോധ്യപ്പെടുത്തിയത് ഡി.സി.യാണ്.



എഴുത്തുകാരുടെ അധ്വാനത്തെ മാനിക്കുകയും അവർക്ക് അർഹമായ പ്രതിഫലത്തുക നൽകുകയും ചെയ്തുകൊണ്ട് കേരളത്തിൽ പ്രവർത്തിച്ച ഏറ്റവും മഹത്തായ പ്രസിദ്ധീകരണ സംരംഭമാണ് മംഗളോദയത്തിന്റേത്. പത്തുരൂപയുടെ മൂവായിരം ഓഹരികളോടെ 30,000 രൂപ അധികൃത മൂലധനവുമായി 1911 ൽ ആരംഭിച്ചതാണ് മംഗളോദയം. രാമവർമ്മ അപ്പൻ തമ്പുരാനായിരുന്നു മാനേജിങ് ഡയറക്ടർ. എഴുനൂറോളം ശീർഷകങ്ങൾ അവർ പ്രസിദ്ധീകരിച്ചു.ഏഴ് റെയിൽവേ സ്റ്റേഷനുകളിൽ അവർക്ക് ബുക്ക്സ്റ്റാളുകളുണ്ടായിരുന്നു. കാൽ നൂറ്റാണ്ടുകൊണ്ട് ഓഹരി ദാതാക്കൾക്ക് 10 ശതമാനം ഡിവിഡന്റ് നൽകാൻ മംഗളോദയത്തിന് കഴിഞ്ഞു. പിൽക്കാലത്ത് മംഗളോദയം പ്രസ്സിന്റെ മാനേജിങ് ഏജൻസി യോഗക്ഷേമം കമ്പനിക്കായി. ഉടമസ്ഥാവകാശവും അവരിൽ നിക്ഷിപ്തമായി. യോഗക്ഷേമം കമ്പനിയുടെ തകർച്ച മംഗളോദയത്തിന്റെ തകർച്ചക്ക് കാരണമായി. ''1942 ൽ എ.കെ.ടി. കെ.എം. വാസുദേവൻ നമ്പൂതിരിപ്പാട് (1897-1964) മംഗളോദയത്തിന്റെ മാനേജ്മെന്റ് ഘടനയിലൊരു മാറ്റം വരുത്തി, ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാക്കി, കേരളീയ പ്രസിദ്ധീകരണമേഖലയിലൊരു നവാധ്യായം എഴുതിച്ചേർത്തു. പഴയ പ്രസിദ്ധീകരണ യൂണിറ്റുകൾ ക്ഷയിച്ചുകൊണ്ടിരുന്ന കാലത്താണ് മംഗളോദയത്തിന്റെ രണ്ടാം അവതാരമുണ്ടായത്. പൊതുകാര്യ പ്രസക്തനും ഉദാരമതിയും പുരോഗമന കാംക്ഷിയുമായ വാസുദേവൻ നമ്പൂതിരിപ്പാട് പ്രമുഖ സാഹിത്യകാരന്മാരുടെ വിശ്വാസവും ആദരവും നേടിക്കൊണ്ട് മലയാള പുസ്തക പ്രസാധനത്തിന്റെ ഗതി ത്വരിതപ്പെടുത്തി. ലബ്ധപ്രതിഷ്ഠരോടൊപ്പം പ്രതിഭാസമ്പന്നരായ പുതിയ എഴുത്തുകാർക്കും മംഗളോദയത്തിന്റെ ആശ്രയം ലഭിച്ചു. നാൽപതുകളിൽ കേരളം മുഴുവൻ അറിയപ്പെട്ടിരുന്ന സാഹിത്യകാരന്മാരുടെ കൃതികളിൽ ബഹുഭൂരിഭാഗവും പ്രകാശനം ചെയ്യപ്പെട്ടത് മംഗളോദയം ഇംപ്രിന്റിലാണ്.''

മംഗളോദയവും നമ്പൂതിരിപ്പാടും പുതിയ വഴക്കങ്ങൾ പുസ്തക വ്യാപാര മേഖലയിൽ സൃഷ്ടിച്ചു. മുമ്പ് സൂചിപ്പിച്ചതുപോലെ പഴയ പ്രസിദ്ധീകരണ ശാലകൾ തളർന്നിരുന്ന കാലഘട്ടത്തിൽ പുനരുദ്ധരിക്കപ്പെട്ട മംഗളോദയത്തിന് ഗ്രന്ഥകാരന്മാരെ ചൂഷണം ചെയ്യാനുള്ള അവസരമുണ്ടായിരുന്നു. രണ്ടാംലോക യുദ്ധത്തിന്റെ ഫലമായി അച്ചടിക്കടലാസും മറ്റ് സാമഗ്രികളും വിപണിയിൽനിന്ന് സംഘടിപ്പിക്കുക ക്ലേശകരമായിരുന്നു. വിലയും കൂടുതലായിരുന്നു. ഇങ്ങനെയുള്ള പ്രതികൂല സാഹചര്യത്തിലും ഗ്രന്ഥകാരന്മാരുടെ പ്രതിഫലം റോയൽറ്റി അടിസ്ഥാനത്തിലാക്കാനാണ് മംഗളോദയം നിശ്ചയിച്ചത്. റോയൽറ്റി തുക കണക്കാക്കി ഗ്രന്ഥകാരന്മാർക്ക് മുൻകൂറായി പ്രതിഫലം നൽകാനും വാസുദേവൻ നമ്പൂതിരിപ്പാട് തയ്യാറായിരുന്നു. തുച്ഛമാ

യൊരു സംഖ്യ നൽകി പുസ്തകത്തിന്റെ പകർപ്പവകാശം സ്വാ
യത്തമാക്കുന്ന പതിവും മംഗളോദയത്തിലില്ലായിരുന്നു. ഇതെ
ല്ലാം നൂറ്റാണ്ടിന്റെ അഞ്ചാം ദശകത്തിൽ കൗതുകവും വിസ്മയ
വും ഉളവാക്കിയ കാര്യങ്ങളാണ്.'' (ഗോവി, 2021 : 507).
മാതൃകാപരമായി പ്രവർത്തിച്ചിരുന്ന മംഗളോദയത്തിന് പക്ഷെ
യുസ്സേ ഉണ്ടായിരുന്നുള്ളു. 1970 കളുടെ ആദ്യത്തിൽ അൽപ്പാ
യം പ്രസ്സും മാസികയും നിലച്ചു. പുസ്തകപ്രസാധനം ഒരു വ്യ
വസായമായി മാറിയതോടെ, എഴുത്തുകാരെയും വായനക്കാരെ
യും ചൂഷണം ചെയ്യുന്ന പ്രസാധകർക്ക് വിജയിക്കാനാവും എ
ന്ന് വന്നു. ധാർമ്മികമായ പരീക്ഷണങ്ങളിലേർപ്പെട്ടവർക്ക് പരാ
ജയപ്പെടാതെ നിവൃത്തിയുണ്ടായിരുന്നില്ല. മംഗളോദയത്തിന്റെ
കഥ അതാണ് നമ്മോട് പറയുന്നത്.

അച്ചടി എന്നത് അഭിരുചികളുടെ നിർമ്മാണം കൂടിയാണ്.
'മലയാളസാഹിത്യം' എന്ന് ഇന്ന് നാം വ്യവഹരിക്കുന്ന മണ്ഡല
ത്തിന്റെ അടിത്തറയൊരുക്കിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ
ഉത്തരാർധത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച മാസികകളും പ്ര
സിദ്ധീകരണങ്ങളുമാണ്. ഇക്കാര്യത്തിൽ '*ഭാഷാപോഷിണി*' വ
ഹിച്ച പങ്ക് വളരെ വലുതാണ്. ''കെ.എ. വറുഗീസ് മാപ്പിള, സി.
അന്തപ്പായി, സി.ഡി. ഡേവിഡ്, ഒ.എം. ചെറിയാൻ മാപ്പിള, പൈ
ലോ പോൾ, കേരളവർമ്മ, ഏ.ആർ. രാജരാജവർമ്മ, കൊട്ടാര
ത്തിൽ ശങ്കുണ്ണി, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി, പുന്നശ്ശേരി
നീലകണ്ഠശർമ്മ, എം. ശേഷഗിരി പ്രഭു, എസ്. സുബ്രഹ്മണ്യൻ,
മൂർക്കോത്ത് കുമാരൻ, പോത്തേരി കുഞ്ഞമ്പു, കേശവപിള്ള, ക
വിയൂർ രാമൻ നമ്പ്യാർ തുടങ്ങി മധ്യവർഗ്ഗ കേരളീയ സമുദായ
ത്തിന്റെ കൂടിയിരിപ്പുകൾ *ഭാഷാപോഷിണി*യിലൂടെ പ്രത്യക്ഷ
പ്പെട്ടു. ഭാഷാമാനകീകരണം, ഭാഷാ വിദ്യാഭ്യാസം, പദ്യപരീ
ക്ഷ എന്നിവ *ഭാഷാപോഷിണി*യുടെ നിരന്തര താൽപ്പര്യങ്ങളാ
യിരുന്നു. നാടുവാഴി സവർണ്ണ വരേണ്യതയുടെ കാവ്യ സംസ്
കാരത്തെ ഏറ്റെടുത്തതോടെ '*ഭാഷാപോഷിണി*' കേരളീയ വരേ
ണ്യ സാഹിത്യമണ്ഡലത്തിൽ 'പൊതു' എന്ന ധാരണയിലേക്ക്
എളുപ്പം പ്രവേശിച്ചു. മാത്രമല്ല അത്തരം കാവ്യാനുശീലനം ഉ
ള്ളവർക്ക് ഭാഷാപോഷിണിയിലൂടെ ആധുനികസമൂഹമാകാ
നും സാധിച്ചു. നാടുവാഴി ജീവിതത്തിലെ കാവ്യാഭിരുചികളെ
സാമാന്യവൽക്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെ
യ്യുന്ന ഈ പ്രക്രിയ മലയാള സാഹിത്യത്തിന്റെ സവർണ്ണവും വ
രേണ്യവും പുരുഷാധിപത്യവുമുള്ള സംവിധാനത്തിന് ബലി
ഷ്ഠമായ അടിത്തറയൊരുക്കി'' (ആര്യ, 2021 : 805).

അച്ചടിയുടെ വിമോചനാത്മകമായ പങ്കിനെക്കുറിച്ച് സൂചി
പ്പിച്ചതുപോലെത്തന്നെ പ്രധാനമാണ്, അത് സൃഷ്ടിച്ച ഭാവുക
ത്വത്തിന്റെ വർഗ്ഗ സ്വഭാവം. പ്രത്യേകിച്ചും അച്ചടിയുടെ ആവിർ



ഭാവത്തോടെ രൂപപ്പെട്ട 'സാഹിതീയത', വരേണ്യമായ മധ്യവർഗ്ഗ
താൽപ്പര്യങ്ങളെ 'പൊതു'താൽപ്പര്യമായി അവതരിപ്പിക്കുകയാ
ണുണ്ടായത്. ഈ പൊതു താൽപ്പര്യത്തിൽ വാർന്നു വീണ 'ഇന്ദു
ലേഖ'പോലുള്ള നോവലുകൾ സ്വീകരിക്കപ്പെടുകയും '*സരസ്വ
തീ വിജയം*' ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്തു. അച്ചടി
ക്ക് വിമോചനാത്മക മൂല്യമുള്ളപ്പോൾത്തന്നെ അതിന്റെ സാധ്യ
തയെ പിടിച്ചുപറ്റാനുള്ള ശ്രമത്തിൽ സമൂഹത്തിലെ എല്ലാവിഭാ
ഗങ്ങളും ഒരുപോലെ വിജയിക്കുന്നില്ല. ഭാവുകത്വത്തിന്റെ മണ്ഡ
ലത്തിൽ മേൽക്കൈ നേടുന്ന വിഭാഗങ്ങളുടെ താൽപ്പര്യങ്ങളാണ്
സാമാന്യമായി 'സാഹിതീയത'യായി നിർവ്വചിക്കപ്പെടുന്നത്. 'മ
ധ്യവർഗ്ഗ നായർ പുരുഷ'ന്റെ അഭിലാഷങ്ങളാണ് അച്ചടിയിലൂടെ
ഉറപ്പിക്കപ്പെട്ടത്. ഈ പരിമിതിക്കകത്താണ് മലയാള പുസ്തക
പ്രസാധനം വികസിച്ചതും സ്വയം സ്ഥാപിച്ചതും. 'മധ്യവർഗ്ഗ നാ
യർ പുരുഷന്റെ' അഭിലാഷങ്ങളുടെ വികാസപരിണാമങ്ങളാണ്
മലയാളത്തിന്റെ ആധുനിക സാഹിത്യചരിത്രം. ഈ അഭിലാഷ
ങ്ങൾക്ക് പുറത്തുള്ള ആവിഷ്ക്കാരങ്ങളാണ് സാഹിത്യത്തിന്റെ
പുറമ്പോക്കിൽ കുടിൽ കെട്ടിപ്പാർത്ത 'പൈങ്കിളിസാഹിത്യം'.

സാങ്കേതിക വിദ്യയിലുണ്ടാകുന്ന കുതിപ്പ് അതേ അളവിൽ
ജനതയുടെ ജീവിതത്തിൽ പ്രതിഫലിക്കുകയില്ല എന്നും സാമൂ
ഹ്യഘടനയിൽ ഏത് വർഗ്ഗത്തിനാണോ മേൽക്കൈ അവരുടെ
താൽപ്പര്യ സംരക്ഷണത്തിനായിരിക്കും ഈ സാങ്കേതിക വിദ്യ
പ്രയോജനപ്പെടുക എന്നുമുള്ള കാര്യം പ്രത്യേക വിശദീകരണം
ആവശ്യപ്പെടുന്നില്ല. ടി.കെ. രാമചന്ദ്രന്റെ നിരീക്ഷണം നോ
ക്കുക:

''ആവിയന്ത്രത്തിന്റേയും യന്ത്രത്തറിയുടേയും നിർമ്മാതാ
ക്കളുടെ ജീനിയസിനെപ്പറ്റി നാം പഠിക്കാറുണ്ട്. പക്ഷെ ആ കാ
ലഘട്ടത്തിൽ മരണശിക്ഷ വിധിക്കാവുന്ന നാനൂറിലേറെ കുറ്റങ്ങ
ളുണ്ടായിരുന്നുവെന്നും, ഇവയിൽ ഭൂരിഭാഗവും സ്വകാര്യസ്വത്തി
നെ സംരക്ഷിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നുവെന്നും എ
ന്തിന് വിശപ്പടക്കാൻ ഒരു റൊട്ടിക്കഷണം മോഷ്ടിക്കുന്ന ഏഴ് വ
യസ്സുള്ള ഒരു കുട്ടിയെ സുപ്രസിദ്ധമായ ബ്രിട്ടീഷ് നിയമത്തിന്റെ
പൂർണ്ണമായ അംഗീകാരത്തോടെ തൂക്കിക്കൊല്ലാനാവുമായിരു
ന്നുവെന്നും നാം അറിയാതെ പോകുന്നു.'' (2006 : 50)

സാങ്കേതിക വിദ്യയിലുണ്ടായ വികാസം സ്വാഭാവികമായും
സാമൂഹ്യവികാസത്തിലേക്ക് നയിക്കില്ല എന്നാണ് ഇത് നൽകു
ന്ന സൂചന. അച്ചടിയുടെ കാര്യത്തിലും ഇത് ബാധകമാണ്. അ
ച്ചടിയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി തങ്ങളുടെ ഭാവു
കത്വത്തെ സ്ഥാപിച്ചെടുക്കാൻ അടിയാള സമൂഹങ്ങൾക്ക് കഴി
ഞ്ഞില്ല. വരേണ്യം/ജനപ്രിയം, ഗൗരവം/പൈങ്കിളി എന്നൊക്കെ
യുള്ള വിഭജനത്തിന്റെ അടിസ്ഥാനമിതാണ്. മലയാളത്തിലെ

ഗൗരവ സാഹിത്യമായി വിലയിരുത്തപ്പെട്ട പല കൃതികളും ഫ്യൂഡൽ ഭൂതകാലത്തിന്റെ സ്മരണകൾ പേറുന്നവയും ഹിന്ദുത്വപ്രത്യയശാസ്ത്രത്തിന്റെ വേഷപ്പകർച്ചകളുമായിരുന്നുവെന്ന് ടി.കെ. രാമചന്ദ്രൻ വിലയിരുത്തുന്നുണ്ട്. അതേസമയം അതിസാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തെ തീർത്തും അരാഷ്ട്രീയമായി ആവിഷ്ക്കരിക്കുന്നവയാണ് പൈങ്കിളി സാഹിത്യമായി വായിക്കപ്പെട്ടത്. അറുപതുകളോടെ വ്യവസായ മൂലധനം നേരിട്ട പ്രതിസന്ധിയുടെ കാലത്താണ് സാംസ്കാരിക മേഖലയിലേക്ക് മൂലധനത്തിന്റെ കുത്തൊഴുക്കുണ്ടായത്. സിനിമ, അച്ചടി എന്നിവയിലാണ് പ്രധാനമായും മൂലധന നിക്ഷേപം നടന്നത്. ഇക്കാലത്തെക്കുറിച്ച് ടി.കെ. രാമചന്ദ്രൻ എഴുതുന്നു.

''കോട്ടയത്തുനിന്നുള്ള 'മ' പ്രസിദ്ധീകരണങ്ങൾ വൻതോതിൽ വായനക്കാർക്കിടയിലേക്ക് സംക്രമിച്ച് തുടങ്ങിയതും ഇക്കാലത്തു തന്നെയാണ്. വികസിച്ചുവരുന്ന സാക്ഷരതയും പൊതു വിദ്യാഭ്യാസവും സൃഷ്ടിച്ച നവസാക്ഷരരും സ്ത്രീകളുമടങ്ങുന്ന കാര്യമായ തോതിൽ രാഷ്ട്രീയവൽകൃതരല്ലാത്ത വായനക്കാരെ ഉന്നം വെച്ചുള്ളതായിരുന്നു ഈ ആനുകാലികങ്ങളുടെ രൂപകൽപ്പന. പ്രായേണ നിർദോഷമായ പ്രണയകഥകൾ, ജീവിതത്തിൽനിന്ന് പറിച്ചെടുക്കപ്പെട്ട നാടകീയ സന്ദർഭങ്ങൾ, നിഷ്പക്ഷതാനാട്യത്തോടെ അവതരിപ്പിച്ചിരുന്ന നുറുങ്ങു ഫലിതങ്ങൾ, ആക്ഷേപഹാസ്യ പ്രധാനമായ കാർട്ടൂണുകൾ തുടങ്ങിയവ നിരത്തിക്കൊണ്ട് അവ അതിവേഗത്തിൽ വായനയുടെ കമ്പോളത്തെ വെട്ടിപ്പിടിക്കാൻ തുടങ്ങി .....അവ പ്രസരിപ്പിച്ച അതിഭാവുകത്വവും അത് സൃഷ്ടിച്ചെടുത്ത ഉപരിപ്ലവമായ സംവേദനശീലവും വാസ്തവത്തിൽ മുച്ചൂടും പ്രത്യയശാസ്ത്രപരമായിരുന്നു.'' (2006 : 18)

മേൽപ്പറഞ്ഞതിൽനിന്ന് വ്യക്തമാകുന്ന കാര്യങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം:

1. അച്ചടിയുടെ വിമോചനാത്മകമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സമൂഹത്തിലെ എല്ലാവർഗ്ഗങ്ങളും യത്നിച്ചു.
2. എന്നാൽ കേരളത്തിലെ അഭിജാതവർഗ്ഗങ്ങളാണ് ഈ മത്സരത്തിൽ വിജയിച്ചത്. അവരുടെ ആശയാഭിലാഷങ്ങളാണ് ആധുനിക മലയാളത്തിൽ 'സാഹിതീയത'യായി അടയാളപ്പെടുത്തപ്പെട്ടത്.
3. ഈ ആധുനിക ഭാവുകത്വം അറുപതുകളോടെ രണ്ടായി പിളരുന്നു. ഫ്യൂഡൽ ഭൂതകാലത്തോടുള്ള രത്യാത്മക സ്മൃതികളെ ഒളിച്ചു കടത്തുന്ന ''ഗൗരവ''സാഹിത്യവും അരാഷ്ട്രീയവൽക്കരിക്കപ്പെട്ട പൈങ്കിളി സാഹിത്യവും. ഈ പിളർപ്പിനിടയിൽ മലയാളത്തിൽ പല സന്ദർങ്ങളിൽ ഭാഗികമായെങ്കിലും



പ്രത്യക്ഷപ്പെട്ട കീഴാള-തൊഴിലാളി സാഹിത്യത്തിന്റെ ഭാവപരിസരം പൂർണ്ണമായും തമസ്കരിക്കപ്പെട്ടു.

തീർത്തും നിരാശാജനകമായ ഈ ഭാവുകത്വ പരിസരത്തിലേക്കാണ് ഷെൽവി എന്ന പ്രസാധകൻ 'മൾബെറി'യുമായി കടന്നുവരുന്നത്. മുദ്രണകലയുടെ എല്ലാ സാധ്യതകളും അദ്ദേഹം ഉപയോഗപ്പെടുത്തി. ഷെൽവി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ഉള്ളടക്കം അന്നത്തെ മുഖ്യധാരാ പ്രസാധകർക്ക് ചിന്തിക്കാൻ പോലും കഴിയാത്തവിധം വൈവിധ്യമാർന്നതായിരുന്നു. കസൻദ് സക്കീസിന്റെ '*ലിയോണി ദാസിന്റെ ഡയറി*'യാണ് മൾബെറി പ്രസിദ്ധീകരിച്ച ആദ്യപുസ്തകം. 1985 ജൂൺ 20 നാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടത്. ആദ്യമായാണ് ഒരു 'സക്കീസ്കൃതി' മലയാളത്തിൽ പ്രത്യക്ഷപ്പെട്ടത്. ലോകത്തെ പ്രധാനപ്പെട്ട എഴുത്തുകാരെ പരിചയപ്പെടുത്തുന്ന ഒരു പരമ്പര തന്നെ മൾബെറി ആരംഭിച്ചു. ''ജീവിതവും രചനയും'' എന്നതായിരുന്നു പരമ്പരയുടെ ശീർഷകം. ചിരപരിചിതരായ എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിച്ച് തൃപ്തിയടഞ്ഞിരുന്ന മലയാള പ്രസാധനരംഗം മൾബെറിയിലൂടെ പൊടുന്നനെ ഒരു 'ടേക്ക് ഓഫ്'നടത്തി. അതുവരെ കേൾക്കാത്ത പേരുകളും പ്രമേയങ്ങളുമായി മൾബെറി എപ്പോഴും വായനക്കാരെ വിസ്മയിപ്പിച്ചു. പിക്കാസോയുടെ ജീവചരിത്രം, എറിക് ഫ്രോമിന്റെ മനഃശ്ശാസ്ത്ര തത്വങ്ങൾ എന്നിവയൊക്കെ മലയാളത്തിലെത്തിയത് മൾബെറിയിലൂടെയാണ്. പുനരുത്ഥാന ഭാവനയ്ക്കും അരാഷ്ട്രീയമായ അതിഭാവുകത്വത്തിനുമപ്പുറം മനുഷ്യവംശത്തോടും ചരിത്രസ്മൃതികളോടും വർഗ്ഗപ്രകൃതിയോടും പ്രതികരിക്കുന്ന എഴുത്തുകാരുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തിയത് ഷെൽവിയാണ്. കരുണയുടെയും മഹാസ്നേഹത്തിന്റെയും വഴി തുറക്കുന്ന അത്തരം രചനകൾ ഞങ്ങളുടെ കൗമാരത്തെ സമ്പന്നമാക്കി. അന്തർദേശീയ തലത്തിലുള്ള ഇത്തരം എഴുത്തുകാരെ പരിചയപ്പെടുത്താൻ ശേഷിയുള്ള വിവർത്തകരെ കണ്ടെത്തുന്നതിലും ഷെൽവി വിജയിച്ചു. കെ.ഏ. ആന്റണി, ഡെയ്സി, ഹരി ലേഖാലയം തുടങ്ങി നിരവധി വിവർത്തകർ 'മൾബെറി'ക്ക് വേണ്ടി ഗ്രന്ഥരചന നടത്തിയിട്ടുണ്ട്.

ഷെൽവി ഒറ്റപ്പെട്ട പ്രതിഭാസമല്ല. ഇക്കാലമായപ്പോഴേക്കും മലയാളിയുടെ ഭാവനാലോകത്ത് 'വസന്തത്തിന്റെ ഇടിമുഴക്കം' കേട്ടു തുടങ്ങിയിരുന്നു. ഒത്തുതീർപ്പ് രാഷ്ട്രീയവും ജടിലോക്തികളും മടുത്തുകഴിഞ്ഞ ധിഷണാശാലികളായ ഒരു പറ്റം ചെറുപ്പക്കാർ ആത്മബലിയുടെ പുതിയ രാഷ്ട്രീയം മുന്നോട്ടുവെച്ചു. അവർ നീതിയെക്കുറിച്ചുള്ള പുതിയ ചോദ്യങ്ങൾ ഉയർത്തി. എല്ലാത്തരം കച്ചവടമൂല്യങ്ങളോടും അവർ കലഹിച്ചു. അച്ചടിയുടെ കാര്യത്തിലും അവർ മൂലധന താൽപ്പര്യങ്ങളോടിടഞ്ഞു.

ക്കാലത്ത് 'ഗ്രന്ഥകർത്താവ്' എന്ന പട്ടം ലഭിക്കൂ. അത്തരം എഴു
ത്തുകാരുടെ നോവലുകളും കഥകളും കവിതകളും പ്രസിദ്ധീക
രിക്കുന്ന അതേ വീർപ്പിൽ അവർ ബാറ്റൺബോസിന്റെയും മുട്ട
ത്തുവർക്കിയുടെയും കോട്ടയം പുഷ്പനാഥിന്റെയും കഥാസാ
ഹിത്യവും അച്ചടിച്ചുകൊണ്ടിരുന്നു. പുത്തൻ അഭിരുചി നിർമ്മി
ക്കാനല്ല, നിർമ്മിക്കപ്പെട്ട അഭിരുചികളെ തൃപ്തിപ്പെടുത്താനാ
ണ് മുഖ്യധാരാ പ്രസാധകർ മൽസരിച്ചത്. എന്നാൽ ഷെൽവി ഭാ
വുകത്വശീലത്തിൽ ഇടപെടാനും അതിനകത്ത് വിള്ളൽ സൃഷ്
ടിക്കുവാനുമാണ് ശ്രമിച്ചത്. വാൻഗോഗ്, വിൽഹം റീഹ്, നീഷേ,
സിമോൺ ദി ബുവെ, കോളിൻ വിൽസൻ, സൽവദോർ ദാലി, ക
വാബത്ത, എർവിങ്സ്റ്റോൺ തുടങ്ങിയ വിശ്വപ്രസിദ്ധ എഴുത്തു
കാരുടെ കൃതികൾ മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ച
ത് മൾബെറിയാണ്. കെ.ജി. ശങ്കരപ്പിള്ളയും വിജയലക്ഷ്മിയും
അയ്മനം ജോണും വി.എസ്. അനിൽകുമാറും എഴുത്തുകാരാ
ണ് എന്ന് ആദ്യം അംഗീകരിച്ച പ്രസാധകൻ ഷെൽവിയാണ്.

എഴുപത്-തൊണ്ണൂറ് കാലത്ത് യുവാക്കളായി ജീവിച്ച പല
രുടെയും ജീവിതത്തിലെ ഒരു പ്രധാന മുഹൂർത്തത്തെ ഷെൽവി
എന്ന് പേരിട്ട് വിളിക്കാം. ടി.കെ. രാമചന്ദ്രൻ ഹിന്ദുത്വ ഫാസിസ
ത്തിനെതിരെ കവലതോറും പ്രസംഗിക്കുന്ന കാലം. ഞങ്ങൾ കു
റച്ചു ചെറുപ്പക്കാർ അദ്ദേഹത്തിൽ ആകൃഷ്ടരായി. അന്ന് അദ്ദേ
ഹത്തിന്റേതായി പുസ്തകങ്ങളൊന്നും വന്നിരുന്നില്ല. 'അദ്ദേഹ
ത്തിന്റെ ഒരു പുസ്തകം പ്രസിദ്ധീകരിക്കണം' ഞങ്ങൾ തീരുമാ
നിച്ചു. മാസങ്ങളോളം അദ്ദേഹത്തിന്റെ ഫ്ളാറ്റിൽ പോയി സം
സാരിച്ചിരുന്നു. ആകെ അലങ്കോലമായ ആ ഇടത്തിൽനിന്ന് ഞ
ങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള കുറേ കുറിപ്പുകൾ തപ്പി
യെടുത്തു. ഇംഗ്ലീഷ് ലേഖനങ്ങൾ കഷ്ടപ്പെട്ട് തർജ്ജമ ചെയ്തു.
ലേഖനങ്ങളിൽനിന്ന് കണ്ടെടുത്ത വാക്കുകൾക്ക് വിശദമായ
ഗ്ലോസറി തയ്യാറാക്കി. ടൈപ്പിങ്ങും പ്രൂഫ് വായനയും ടി.കെ.യു
ടെ നിശിതമായ നോട്ടത്തിന് വിധേയമായി. ഏറെ സമയമെടു
ത്ത് ഒരഭിമുഖം തയ്യാറാക്കി. ലേ ഔട്ടിന്റെ കാര്യത്തിലും ടി.കെ.
കണിശത പുലർത്തി. എല്ലാ പണികളും കഴിഞ്ഞു. പുസ്തക
ത്തിനെന്ത് പേരിടും? ടി.കെ.സിഗററ്റ് പുകച്ച് മണിക്കൂറുകളോളം
ധ്യാനിച്ചു. ഒടുവിൽ വിധിച്ചു: "*ഒരു മിഥ്യയുടെ ഭാവി*". ഷാഹുൽ
അലിയാർ തയ്യാറാക്കിയ കവർ അദ്ദേഹത്തിന് നന്നേ ബോധി
ച്ചു. 'റൂട്സ് ഫാസിസ്റ്റ് വിരുദ്ധ പഠനവേദി', കൊണ്ടോട്ടി എന്ന്
പ്രസാധകർ സ്വയം നിർവ്വചിച്ചു. പുസ്തക പ്രസാധനത്തിന് പ
ണമുണ്ടായിരുന്നില്ല. കൂട്ടത്തിൽ സ്കൂൾ അധ്യാപകനായിരുന്ന
ഞാൻ ബാങ്കിൽ നിന്ന് ഒരു ലോൺ ഒപ്പിച്ചു. മറ്റുള്ളവരും കയ്യി
ലുള്ളതെല്ലാം ഒരുക്കി പ്രസ്സിലെ പണം തീർത്തടച്ചു. പുസ്തകം
ഞങ്ങൾ തന്നെ തലച്ചുമടായി കൊണ്ടുവന്നു. നൂറ് കോപ്പി ടി.



കെ. ആവശ്യപ്പെട്ടു. അവയ്ക്ക് എന്ത് സംഭവിച്ചു എന്ന് ഞങ്ങൾ
ക്കറിയില്ല. കോഴിക്കോട് ടാഗോർ ഹാളിൽ വെച്ച് പുസ്തകപ്ര
കാശനം ഗംഭീരമായി നടന്നു. ആരൊക്കെയോ വന്ന ചടങ്ങ് അ
കത്ത് നടക്കുമ്പോൾ ഞങ്ങൾ പുറത്ത് പുസ്തകക്കച്ചവടക്കാരാ
യി സ്വയം നിലയുറപ്പിച്ചു. പലരും ടി.കെ. യുടെ ബന്ധം പറ
ഞ്ഞ് പുസ്തകം എടുത്തുകൊണ്ടുപോയി. ഗുജറാത്തിൽ വംശ
ഹത്യക്കിരയായവർക്കാണ് പുസ്തകം സമർപ്പിച്ചിരുന്നത്. അ
തുകണ്ട് കാലിക്കറ്റ് സർവ്വകലാശാലയിലെ ഒരു പ്രൊഫസർ പറ
ഞ്ഞു. 'ഇപ്പോ മാർക്കറ്റിങ്ങിന് പറ്റിയത് ഇതാ.' ആ വഷളൻ ചിരി
ക്കുമുന്നിൽ ഞങ്ങൾ ചൂളി. മാസങ്ങൾക്കകം പുസ്തകത്തിന്റെ
കോപ്പികൾ തീർന്നു. ചിലവായതിന്റെ പകുതിപോലും പണം
തിരിച്ചു കിട്ടിയില്ല. കെ.ഇ. എന്റെ 'ഗുജറാത്തിൽ സംഭവിക്കുന്ന
ത്' എന്ന പുസ്തകവും ഞങ്ങളുടെ പ്രസാധന സംരംഭമായിരു
ന്നു. അച്ചടിച്ചെലവ് ചുരുക്കി പരമാവധി ചെറിയ വിലക്ക് വായന
ക്കാരിൽ പുസ്തകമെത്തിക്കാനായിരുന്നു ഉദ്ദേശ്യം. ഓരോ പു
സ്തകം പുറത്തിറങ്ങുമ്പോഴും ഞങ്ങളിലെ പ്രസാധകൻ തോറ്റു
കൊണ്ടിരുന്നു. ടി.കെ.യുടെ പുസ്തകം പിന്നീട് മുഖ്യധാരാ പ്ര
സാധകർ പുറത്തിറക്കി. അവയെല്ലാം വലിയ ലാഭത്തിൽ വിറ്റു
പോയിരിക്കണം. ഞങ്ങളുടെ പ്രസാധന മോഹം അവിടെയും
അവസാനിച്ചില്ല. പഴയ സുഹൃത്തുക്കളെല്ലാം ചേർന്ന് ഞങ്ങൾ
'റാസ്ബെറി' എന്ന പ്രസാധന സംരംഭം സുഹൃത്ത് ഷാനവാസ്
കൊനാരത്തിൽനിന്ന് ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചു. സു
ഹൃത്തുക്കളിൽ നിന്നെല്ലാം പണം സമാഹരിച്ചു. ബി. രാജീവൻ,
ടി.വി. മധു, കെ.എൻ. ഗണേഷ് എന്നിങ്ങനെ മലയാളത്തിലെ ശ്ര
ദ്ധേയരായ എഴുത്തുകാരുടെ പുസ്തകങ്ങൾ ഞങ്ങൾ പ്രസിദ്ധീ
കരിച്ചു. പക്ഷെ അതിനും അധികം ആയുസ്സുണ്ടായിരുന്നില്ല.
വലിയ നഷ്ടത്തിൽ ആ ബദൽ സംരംഭവും അവസാനിച്ചു. ഞ
ങ്ങളെല്ലാം പലവഴി പിരിഞ്ഞു! കൂടെയുണ്ടായിരുന്ന ഗഫൂർ (അ
റക്കൽ) ഓർമ്മയായി, പക്ഷെ ഞങ്ങൾക്കുറപ്പുണ്ട്, ഷെൽവി ഇ
പ്പോൾ മറ്റേതെങ്കിലും ശരീരങ്ങളിൽ കയറിക്കൂടിയിട്ടുണ്ടാവും.
പണം. സ്വരൂപിക്കാനും ബദൽ സൃഷ്ടിക്കാനും അവർ വഴികൾ
തേടുന്നുണ്ടാവും. തോൽക്കുമെന്നുറപ്പുള്ള യുദ്ധത്തിന് അവർ
ഒരുങ്ങുകയാവും. അതേ ഷെൽവി ഒരു പരാജയമാണ്. അതി
ലേറെ പ്രലോഭനവും. പത്തൊമ്പതാം നൂറ്റാണ്ടിൽ പണമില്ലാ
ത്തതുകൊണ്ട് നിലച്ചുപോയ നവോത്ഥാന പത്രങ്ങൾ, മംഗളോ
ദയം പോലുള്ള പ്രസാധന സംരംഭങ്ങൾ, ഒന്നും രണ്ടും ലക്ക
ങ്ങൾക്ക് ശേഷം പ്രസിദ്ധീകരിക്കാനാവാതെ പോയ ലിറ്റിൽ മാഗ
സിനുകൾ, അച്ചടിച്ചിട്ടും മാർക്കറ്റിൽ മൽസരിച്ചു തോറ്റ പുസ്ത
കങ്ങൾ അവയുടെയെല്ലാം ചുരുക്കപ്പേരാണ് 'ഷെൽവി'.

**പരാമർശ സൂചി**


1. ആര്യ.കെ "മുദ്രിത ഭാവനകൾ: മധ്യവർഗ്ഗ അഭിരുചിയും സാഹിത്യ വ്യവഹാരവും" വാക്കിലെ ലോകങ്ങൾ: അച്ചടി മലയാളത്തിന്റെ 200 വർഷങ്ങൾ ബാബു ചെറിയാൻ (ജന.എഡി.) ആര്യ.കെ, ഷാജി ജേക്കബ്, ശ്രീകുമാർ എ.ജി. (എഡി.) (കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ, 2021) പു: 787–814.
2. വിനിൽ പോൾ "മിഷണറി ലഘുലേഖകളുടെ സാംസ്കാരിക ഇടപെടൽ" (അതേ പുസ്തകം) പു: 493–502.
3. ഗോവി., കെ.എം, "പ്രസാധനവും പുസ്തകവും മലയാളത്തിൽ" (അതേ പുസ്തകം) പു: 503–518.
4. രാമ–ന്ദ്രൻ, ടി.കെ., കാഴ്ചയുടെ കോയ്മ (കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006).
5. രാമകൃഷ്ണൻ, ഇ.വി., അച്ചടി മുതൽ ആഗോളതവരെ: ഭാഷ, ദേശം, സംസ്കാരം (തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2023).
6. ഷെൽവി, ഷെൽവിയുടെ കവിതകൾ (കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2004).